DESPATCHED
On 9/3/23...

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **CP. 677(2)/2019/എസ്.ഐ.സി**
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നമ്പർ **11874**/എസ്.ഐ.സി-ജി 6/19)

സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. എം.എം.ജോസഫ്,
മഞ്ഞക്കൽ ഹൗസ്,
കാവുംഭാഗം പി.ഒ.,
കോട്ടയം – 686 519. } **പരാതി ഹർജിക്കാരൻ**

Vs

സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
സെക്രട്ടറി/ഹുസൂർ ശിരസ്തദാർ,
പോലീസ് കംപ്ലയിന്റ് അതോറിറ്റി,
കളക്ടറേറ്റ്, കോട്ടയം. } **എതിർകക്ഷി**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 16.05. 2019 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | – |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | – |
| അപ്പീലിന് മറുപടി നൽകിയ തീയതി | – |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 08.07.2019 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 12.07 2019 |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 18(1) വകുപ്പു പ്രകാരം പരാതി ഹർജിക്കാരനായ ശ്രീ. എം.എം.ജോസഫ്, 08.07.2019ന് സമർപ്പിച്ച പരാതി ഹർജി 12.07.2019ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **CP.No.677(2)/19/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. പരാതി ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയില്ലെന്നാണ്.

3. പരാതി ഹർജിക്കാരൻ 16.05.2019ന് എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,

1) 29.04.2019ൽ നൽകിയ പരാതിയ്ക്ക് 16.05.2019വരെയും എതിർകക്ഷികളെ വിളിച്ചു വരുത്തി തീരുമാനമെടുക്കാത്തത് എന്തുകൊണ്ടെന്നും

2) പരാതിക്കാരൻ അറിയാതെ വിളിച്ചു വരുത്തിയിട്ടുണ്ടെങ്കിൽ നാളിതുവരെ എന്തു നടപടിയെടുത്തുവെന്നുമാണ്.

4. 07.09.2019ന് എതിർകക്ഷി കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ടി കാര്യാലയത്തിലെ രജിസ്റ്റർ പരിശോധിച്ചതിൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച കംപ്ലയിന്റ് പെറ്റീഷനിൽ പരാമർശിക്കുന്ന അപേക്ഷ ടി കാര്യാലയത്തിൽ ലഭിച്ചതായി കാണുന്നില്ലെന്ന് അറിയിക്കുന്നുവെന്നും വിവരാവകാശ നിയമപ്രകാരം ടി കാര്യാലയത്തിൽ ലഭിക്കുന്ന അപേക്ഷകളിന്മേൽ സമയബന്ധിതവും ക്രിയാത്മകവുമായി വിവരം നൽകാറുണ്ടെന്നും ബോധപൂർവ്വമായ അലംഭാവമോ അശ്രദ്ധയോ ഉണ്ടാകാറില്ലെന്നുമാണ് അറിയിച്ചത്.

5. 23.01.2023 തീയതി കമ്മീഷൻ കോട്ടയം പി.ഡബ്ലിയു.ഡി. റസ്റ്റ് ഹൗസ് കോൺഫറൻസ് ഹാളിൽ വച്ചു നടത്തിയ ഹിയറിംഗിൽ പരാതി ഹർജിക്കാരൻ ഹാജരായില്ല. എതിർകക്ഷി ഹാജരായിരുന്നു.

6. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും എതിർകക്ഷിയെ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് മറുപടി നൽകിയിട്ടുണ്ടെന്ന് എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരന്റെ അപേക്ഷയ്ക്ക് എതിർകക്ഷി മറുപടി ലഭ്യമാക്കിയില്ലെന്നാണ് കമ്മീഷൻ മുമ്പാകെ ആക്ഷേപമുന്നയിച്ചിരിക്കുന്നത്. മൊഴിയും അനുബന്ധരേഖകളും 24.01.2023ലെ റിപ്പോർട്ടും പരിശോധിച്ചതിൽ, പ്രസ്തുത റിപ്പോർട്ടിൽ രേഖപ്പെടുത്തിയിരിക്കുന്നത്, ഹർജിക്കാരൻ 16.05.2019 തീയതിയിൽ വിവരാവകാശ നിയമപ്രകാരം വിവരം ലഭ്യമാക്കുവാനുള്ള അപേക്ഷ 'ചെയർമാൻ പോലീസ് കംപ്ലയിന്റ് അതോറിറ്റി' എന്നു രേഖപ്പെടുത്തിയ കവറിലാണ് അയച്ചിരുന്നതെന്നും പ്രസ്തുത മേൽവിലാസത്തിൽ അയയ്ക്കുന്ന കവറുകൾ ചെയർമാൻ മാത്രമാണ് തുറന്ന് പരിശോധിക്കുന്നതെന്നും പരാതികളുടെ രഹസ്യസ്വഭാവം സൂക്ഷിക്കുന്നതിനും മറ്റുമാണ് ഈ രീതി പിന്തുടരുന്നതെന്നുമാണ്.

15.05.2019ൽ ചെയർമാനായിരുന്ന ശ്രീ.കെ.സി.ജോർജ്ജ് വിരമിച്ചിരുന്നുവെന്നും പുതിയ ചെയർമാൻ 14.10.2019നാണ് ചുമതലയേറ്റതെന്നും ടിയാൻ കവർ തുറന്ന് പരിശോധിക്കുന്നത് 30.10.2019നാണെന്നും അതിനാൽ ടി അപേക്ഷ അന്നേദിവസമാണ് എസ്.പി.ഐ.ഒ.യ്ക്ക് ലഭിക്കുന്നതെന്നുമാണ്. ടി സാഹചര്യത്തിലാണ് 07.09.2019ൽ

കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ അപേക്ഷ ലഭിച്ചിട്ടില്ല എന്ന വിവരം നൽകാനിടയായതെന്നുമാണ്. തുടർന്ന് 30.10.2019ൽ വിവരാവകാശ നിയമപ്രകാരം അപേക്ഷകൻ സമർപ്പിച്ചിരുന്ന അപേക്ഷ സെക്ഷനിൽ ലഭിക്കുകയും 08.11.2019ൽ പരാതിക്കാരന് മറുപടി നൽകുകയും ചെയ്തിരുന്നുവെന്നും വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിൽ മറുപടി വൈകാനിടയായ സാഹചര്യം അപേക്ഷകന് നൽകിയ മറുപടിയിൽ വിശദമാക്കിയിരുന്നുവെന്നുമാണ്.

7. ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ പരാതി ഹർജി ഇന്നേദിവസം 2023 ഫെബ്രുവരി 13-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)
Ge/